LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുകയും മംഗലം ഡാമിന്റെ ഡീ-സിൽറ്റേഷൻ പ്രവൃത്തി 17-12-2020 മുതൽ നടന്നുവരികയും ചെയ്യുന്നു. ചുള്ളിയാർ ഡാമിന്റെ ഡീ-സിൽറ്റേഷൻ പ്രവൃത്തി ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേന നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. വാളയാർ (പാലക്കാട്), മീൻകര (പാലക്കാട്)-ഡാമുകളുടെ ഡീ-സിൽറ്റേഷൻ നിർവ്വഹിക്കുന്നതിന് Kerala State Mineral Development Corporation Limited (KEMDEL) മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലമ്പുഴ (പാലക്കാട്), കാരാപ്പുഴ (പാലക്കാട്), മലങ്കര (ഇടുക്കി) എന്നീ ഡാമുകളുടേയും പഴശ്ശി (കണ്ണൂർ), മണിയാർ (പത്തനംതിട്ട) എന്നീ ബാരേജുകളുടേയും ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കരാർ നടപടി സ്വീകരിക്കുന്നതിന് 1-7-2021-ൽ അനുമതി നൽകിയിട്ടുണ്ട്. പെരിയാർ വാലി ജലസേചന പദ്ധതിക്ക് കീഴിൽ എറണാകുളം ജില്ലയിൽ ഭൂതത്താൻ കെട്ട് ബാരേജാണുള്ളത്. ജലവിതരണത്തിനുശേഷം മഴക്കാലമാകുന്നതോടെ ബാരേജിന്റെ ഷട്ടറുകളെല്ലാം താഴ്ത്തിവയ്ക്കുന്നതിനാൽ ബാരേജിൽ ചെളിയും മണലും അടിഞ്ഞുകിടക്കാറില്ല. പമ്പാ ജലസേചന പദ്ധതിക്ക് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ മണിയാർ ബാരേജിൽ ബാത്തിമെട്രിക് സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ കല്ലട ജലസേചന പദ്ധതിയുടെ കീഴിലുള്ള തെന്മല ഡാമിലും 2018-ൽ സെഡിമെന്റേഷൻ സ്റ്റഡി നടത്തുകയും 28Mm3 മണൽ അടിഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുമുണ്ട്. തൃശ്ശൂർ ജില്ലയിലെ വാഴാനി ഡാമിന്റെ സംഭരണശേഷിയിൽ കുറവുവന്നിട്ടില്ല.

(സി) ഭൂജലസംരക്ഷണവും സംപോഷണവും എന്ന പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

ഭൂജല സംരക്ഷണവും സംപോഷണവും എന്ന പദ്ധതി പ്രകാരം ഭൂജലവകുപ്പ് മുഖേന നടപ്പാക്കിയ 325 പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

എ.സി. കനാൽ നദിയുമായി സംയോജിപ്പിക്കുന്ന സ്വാമിനാഥൻ കമ്മീഷൻ ശിപാർശ

213(959) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. കനാൽ നെടുമുടി വരെ നീട്ടി നദിയുമായി സംയോജിപ്പിക്കുവാനുള്ള സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശ പരിഗണനയിലുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ശിപാർശ നടപ്പിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) എ.സി.കനാൽ നെടുമുടി വരെ നീട്ടി നദിയുമായി സംയോജിപ്പിക്കുവാനുള്ള സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശ പരിഗണനയിലുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുന്നതിന് മദ്രാസ് ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിക്കും.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ തോട്ടപ്പള്ളി സ്പിൽവേ ലീഡിംഗ് ചാനൽ നവീകരണം, എ.സി. കനാൽ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവയുടെ ഹൈഡ്രോ ഡൈനാമിക് പഠനത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി 4.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ ആർ.എം.പി. കനാൽ നവീകരണം

214(960) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കൊച്ചി അഴിമുഖത്ത് നിന്നാരംഭിച്ച് മാലിപ്പുറം ബന്ധർ കനാൽ വരെയുള്ള ആർ.എം.പി കനാൽ നവീകരിക്കുന്നതിനായി ജലസേചന വകുപ്പ് 8 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) വൈപ്പിൻ മണ്ഡലത്തിൽ കൊച്ചി അഴിമുഖത്ത് നിന്നാരംഭിച്ച് മാലിപ്പുറം ബന്തർ കനാൽ വരെയുള്ള ആർ.എം.പി. കനാൽ നവീകരിക്കുന്നതിനായി ജലസേചന വകുപ്പ് പ്രോജക്ട് സമർപ്പിച്ചിട്ടില്ല. എന്നാൽ 2021-22 ബഡ്ജറ്റ് Vol. II Annexure II SL NO 244-ൽ 100 രൂപ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ആർ.എം.പി. തോടിന്റെ (കനാലിന്റെ) തോന്നിപാലം മുതൽ മലപ്പുറം ബീച്ച് റോഡ് വരെ പാർശ്വഭിത്തി കെട്ടുന്നതിനും ആഴം കൂട്ടുന്നതിനുമുള്ള 15 കോടി രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly